കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി11-1552/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ.

തീയതി. 05.01.2019
ഇ-മെയിൽ – ddhglfalpy@gmail.com

.
.
ഡെപ്യൂട്ടി ഡയറക്ടർ.

.
.
.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എനിനവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി11-1552/18 തീയതി: 05.01.2019

# ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2017മുതൽ 30.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018 മുതൽ<br>26.10.2018 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്. വി. കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആർ. ശ്രീദേവി, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. പി. കെ. ലേഖ, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | എം.ജി രാജു | 01.04.2017 -31.03.2018 |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ടി. ജി. ഗോപിനാഥൻ | 01.04.2017 മുതൽ 31.05.2017വരെ |
| 2 | എസ്. അംബിക | 01.06.2017 മുതൽ 19.06.2017വരെ |
| 3 | ബി. എൻ. അംബീശൻ | 20.06.2017 മുതൽ 31.03.2018വരെ |

സി).സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | റോഷ്നി സുനിൽ | ധനകാര്യം | 01.04.2017 മുതൽ 29.1.18 വരെ |
| | പി. ലളിത | | 26.2.18മുതൽ 31.03.2018 വരെ |
| 2 | വി. പ്രസന്നൻ | വികസനകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 3 | അക്ബർ. പി | ആരോഗ്യ വിദ്യാഭ്യാസം | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ലജിത തിലകൻ | ക്ഷേമകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | പൊന്നമ്മ. റ്റി. കെ | 01.04.2017 മുതൽ 31.05.2017 വരെ |
| | | സുഹാസിനി | 01.06.2017മുതൽ 27.09.2017 വരെ |
| | | ബിന്ദു. റ്റി. എം | 28.09.2017മുതൽ 31.03.2018 വരെ |
| 2 | കൃഷി ഓഫീസർ | അനിത | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ. വിമൽ സേവ്യർ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | രശ്മി മാനുവൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ, മായിത്തറ | സുജയ | 01.04.2017 മുതൽ 30.10.2017 വരെ |
| | | എസ്. ജലീൽ | 30.10.2017മുതൽ 31.03.2018 വരെ |
| 6 | വി.ഇ.ഒ, കഞ്ഞിക്കുഴി | രഞ്ജിത്ത്. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സജില. എസ്. പിള്ള | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ലിന്റാ സാമുവൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷീബ റാണി | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രേഖ | 01.04.2017മുതൽ 06.09.2017 വരെ |

| | | | |
|---|---|---|---|
| | | | |
| | | രതിമണി | 07.09.2018മുതൽ 22.02.2018 വരെ |
| | | സാലിമോൾ | 23.02.2018മുതൽ 31.03.2018 വരെ |
| 11 | ഹെഡ്മിസ്ട്രസ്സ് | ഡി. മഞ്ജുള | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | കെ. ജയകല | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം. |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-അവലോകനം. |
| ഭാഗം – 2 | | |
| 13 | 2-1 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 14 | 2-2 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 15 | 2-3 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം – 3 | | |
| 16 | 3-1 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ഹാജരാക്കിയിട്ടില്ല. |
| 17 | 3-2 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 18 | 3-3 | നെൽകൃഷി വികസനം - നിർവഹണ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 19 | 3-4 | പച്ചക്കറി കൃഷി കൂലിചെലവ് -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 20 | 3-5 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭിച്ചിട്ടില്ല. |
| 21 | 3-6 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 22 | 3-7 | നിശ്ചിത സമയത്തിനകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. |
| 23 | 3-8 | പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം - പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾക്കനുസൃതമായി പിഴ ഈടാക്കിയിട്ടില്ല. |
| 24 | 3-9 | ഡിപ്പാർട്ട്മെന്റലായി വാങ്ങി നല്കിയ ബിറ്റുമിന് ഓവർഹെഡ് ചാർജ് നല്കി, ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവർത്തികൾ- നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിനായി - അധിക തുക വകയിരുത്തി. |
| ഭാഗം – 4 | | |
| 25 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 28 | 4-4 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം |
| 29 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 32 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

| | | |
|---|---|---|
| 35 | അനുബന്ധം – 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 36 | അനുബന്ധം - 2 | റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് (സംക്ഷിപ്തം) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 ലെ I-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പഞ്ചായത്ത് കമ്മറ്റി പാസ്സാക്കി. അംഗീകൃ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 182848407.85 | 182075431/- |
| രസീപ്റ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 69905885 | 78059899 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ കാര്യമായ അന്തരം നിലനിൽക്കുന്നു. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2017 | 07.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഈ ഓഫീസിലെ 01.08.2018-ലെ കെ.എസ്.എ.എൽ.പി.ജി.എ.4/1126(23)/2018 നമ്പർ പ്രകാരം വാർഷിക കണക്കുകൾ പരിശോധിച്ച് പ്രത്യേകമായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19369950.85 |
| വരവ് | 69905885 |
| ആകെ | 89275835.85 |
| ചെലവ് | 78059899 |
| നീക്കിയിരിപ്പ് | 11215936.85 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 15682174 | 1568174 | 1568174 | |
| വികസന ഫണ്ട് (എസ്.സി.പി) | | 3794487 | 3794487 | 3794487 | |
| വികസന ഫണ്ട് (ടി.എസ്.പി) | | 76600 | 76600 | 76600 | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 6294409 | 6294409 | 6294409 | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 3723763 | 3723763 | 3723763 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6723900 | 6723900 | 6723900 | |
| കെ.എൽ.ജി.എസ്.ഡി.പി | | 2471912 | 2471912 | 2471912 | |
| ടോട്ടൽ സാനിറ്റേഷൻ | 516706 | 1398020 | 1914726 | 230018 | 1684708 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 10001491 | 10424000 | 20425491 | 19238019 | 1187472 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ച്വർ) | 0 | 5423813 | 5423813 | 5423813 | 0 |
| സാക്ഷരത | 13995 | 1442 | 15437 | 1395 | 14042 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 0 | 0 | 0 | 0 | 0 |
| ഇ-പേയ്മെന്റ് അക്കൗണ്ട്. | 0 | 21657 | 21657 | 0 | 21657 |
| എൻ.ആർ.ഇ.ജി.എസ് | 31741 | 2755814 | 2787555 | 1920879 | 866676 |
| തനത് ഫണ്ട്. | 8198442.35 | 8198442 | 16396884.4 | 8789468.6 | 7607415.75 |
| തനത് ഫണ്ട് (ക്യാഷ്) | | 23750 | 23750 | | 23750 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 14 | 10246172 | 11 | 6597283 | 0 | 3 | 78.57 |
| സേവനം | 78 | 34234347 | 52 | 19857489 | 0 | 26 | 66.66 |
| പശ്ചാത്തലം | 41 | 18825952 | 30 | 14058973 | 0 | 11 | 73.17 |
| ആകെ | 133 | 63306471 | 93 | 40513745 | 0 | 40 | 69.92 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 31741 | 2755814 | 2787555 | 1920879 | 866676 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 69364753 | 69364753 | 69364753 | |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 381480 | 650 |
| കർഷകതൊഴിലാളി പെൻഷൻ | 4624900 | 389 |
| വിധവാപെൻഷൻ | 10594000 | 970 |
| വാർദ്ധക്യകാലപെൻഷൻ | 31346600 | 2913 |
| വികലാംഗപെൻഷൻ | 4907400 | 456 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 881800 | 83 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3457/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ പദ്ധതികൾക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ രേഖപ്പെടുത്തി കാണുന്നില്ല. ചെലവുകൾ സുലേഖയിൽ രേഖപ്പെടുത്താത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആവിഷ്കരിച്ച പദ്ധതികൾ മുഴുവൻ നടപ്പിലാക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/10/18 | 04/18 | 09/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/9/16-24/9/16 | (2011-12)-(2015-16) | 10/11/16 |

## 1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 119 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5253 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 3365 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3365 |
| ആകെ തൊഴിൽ ദിനങ്ങൾ | 239248 |
| 100തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 568 |

(ബി) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 556 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ | 556 |
| തൻ വർഷം പൂർത്തിയാക്കിയത് | 440 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 116 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 0 |

(സി) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദവിവരം

| ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| തോട് | 62 | 5255196 |
| ടോയ്‌ലറ്റ് നിർമ്മാണം | 127 | 1523742 |
| കമ്പോസ്റ്റ് പിറ്റിനുള്ള ഇഷ്ടിക നിർമ്മാണം | 30 | 4886759 |
| കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 45 | 7716531 |
| പൊതു കുളം | 5 | 762796 |
| കുളം വെട്ട് | 38 | 2625150 |
| ഗ്രാവൽ റോഡ് | 9 | 2387426 |
| റോഡ് മെറ്റലിംഗ് | 16 | 5364301 |
| ഫലവൃക്ഷത്തൈ നേഴ്സറി നിർമ്മാണം | 106 | 21867320 |
| കോക്കനട്ട്നേഴ്സറി നിർമ്മാണം | 2 | 56244 |
| ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി | 49 | 9125676 |
| തരിശുപാടം | 36 | 6386253 |
| അംഗനവാടി | 2 | 896519 |

| | | |
|---|---|---|
| ഡിപ്പാർട്ട്മെന്റ് വീടുകൾ | 29 | 510840 |
| ആകെ | 556 | 69364753 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 സാമ്പത്തികവർഷത്തെ 2-ാം അർദ്ധവർഷത്തിൽ മാവേലിസ്റ്റോർ സ്ഥാപന നികുതി അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 6/23.10.2018) – ന് മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2016-17 നെ അപേക്ഷിച്ച് 2017-18 ൽ 182 സ്ഥാപനങ്ങളെക്കൂടി ലൈസൻസ് എടുപ്പിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞു. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഡസ് മോട്ടോഴ്സ് എന്ന സ്ഥാപനം 2017-18 വർഷത്തിൽ 37 ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. എന്നാൽ ഡി &ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.
2. റേഷൻ കടയുടമകൾ ലൈസൻസ് എടുത്തിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/23.10.18 ന് ലഭിച്ച മറുപടിപ്രകാരം ക്രമ നം -1 ലെ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനും മറ്റുള്ളവയെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ലൈസൻസ് ഇല്ലാതെ ഈ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിരാജ് സെക്ഷൻ 232 പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയ്ക്കെതിരെ ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഓഡിറ്റ് ഇംപാക്ട്

1. 29/9/18 ലെ കളക്ഷൻ തുകയായ 14371/- രൂപ 01.10.2018 ൽ ബാങ്കിൽ അടവാക്കിയിരുന്നെങ്കിലും പഞ്ചായത്തിന്റെ ക്രെഡിറ്റിൽ വന്നില്ല. ഇത് ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് 14371/-രൂപയും 23.10.18 ൽ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.
2. ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.7/23.10.2018) സി. കെ. ശശാങ്കൻ, ചാരങ്കാട്ടിന്റെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന്റെ ഡി &ഒ ലൈസൻസ് ഫീസിലെ കുറവ് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 4000/- രൂപ രസീത് നം. 118040102188/25.10.18 പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്.
3. കയർ മാറ്റ്സ് & മാറ്റിംഗ്സ് നം. 745 എന്ന സ്ഥാപനത്തിന്റെ സ്ഥാപന നികുതി ഇനത്തിൽ കുറവ് വന്ന 2500/-രൂപയുടെ നഷ്ടം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 25.10.2018- ൽ പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ഹാജരാക്കിയിട്ടില്ല.

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്)നം. 80/2017 ത.സ്വ.ഭ.വ തീയതി : 03.04.2017) പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇതേ ആനുകൂല്യം പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പല പ്രോജക്ടുകളിലും ഈ നിബന്ധന പാലിച്ചിട്ടില്ല.

(എ) പ്രോജക്ട് നം.S0079/18

അടങ്കൽ 2,50,000/-

ചെലവ് 2,50,000/- ബിൽ നം. 12/17-18 തീയതി 28.02.18

സ്വയം തൊഴിൽ നേടുന്നതിന് ഓട്ടോ റിക്ഷ വാങ്ങുന്നതിന് ധനസഹായം എന്ന പ്രോജക്ടിൽ (1) ബാബു, നെടുങ്ങാട്ട്വെളി, (2) അശോകൻ, ഹരിശ്രീ നിവാസ് (3) രതീഷ്, മാപ്പിളവെളി (4) അനിതാമോൾ, ശ്രീനിലയം (5) രാജേഷ്. ടി. ആർ, അകംപള്ളിവെളി എന്നീ ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം സബ്സിഡി യൂണിയൻ ബാങ്ക് കലവൂർ ബ്രാഞ്ചിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ ഇവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ/ സ്വയം സംരഭകത്വ മിഷനിൽ പേര് രജിസ്റ്റർ ചെയ്തവരാണെന്ന് തെളിയിക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ബി) പ്രോജക്ട് നം. S0100/18 – ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ 1,24,000/-

ചെലവ് 1,24,000/- -ബിൽ നം. 09/17-18, തീയതി 17.02.18

| ക്രമ നം. | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | ആകാശ് തമ്പി, S/o ഷൈലജ, കണിയാംപടിക്കൽ | വിദ്യാർത്ഥികൾക്ക് ഈയിനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | ശരത് ചന്ദ്രൻ, S/o ചന്ദ്രൻ, മന്നത്താംവെളി | |
| 3 | അനഘ.എ, D/o അനിൽകുമാർ,മേക്കര | |
| 4 | സനികാമോൾ, D/o, സന്തോഷ്,അറയ്ക്കൽ | |
| 5 | ആകാശ്.എ, S/o വത്സല, ആനക്കുഴിയിൽ | |
| 6 | അശ്വിൻ.ബി, S/o ലേഖ, മന്ദിരത്തിൽ | |
| 7 | അശ്വിൻ ബൈജു, S/o ബൈജു, ചിറ്റേഴത്ത് | |
| 8 | അശ്വിൻ ജയകുമാർ, S/o ജയകുമാർ, തോട്ടുങ്കൽ | |
| 9 | ഹരിനന്ദന.എസ്, D/o സുരേഷ്, കൈതച്ചിറ | |
| 10 | സ്നേഹ ഹരിദാസ്, D/o ബിന്ദു, താമരച്ചാൽ | |

| | | |
|---|---|---|
| 11 | അമൃത് രാജ്, S/o ബാബുരാജ്, അരുണാട്ട് വെളി | |
| 12 | ജീവൻ. ആർ, S/o മനോരമ, കോലാട്ടു പടിഞ്ഞാറെ വെളി | |
| 13 | രശ്മി.പി.എം, D/o പ്രശോഭ, തോട്ടുങ്കൽ | |
| 14 | സാൽബിൻ, S/o അനിത, സന്നിധാനം | |
| 15 | അഭിരാമി, D/o ബിജിമോൾ, വളചിറയിൽ | |
| 16 | ജിഷാ ജിജി, D/o ജിജിമോൻ, കാട്ടുവേലിക്കകത്ത് | |

രേഖകളുടെ അഭാവത്തിൽ മേല്പറഞ്ഞ 16 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി ചെലവഴിച്ച 64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(സി) പ്രോജക്ട് നം. S0045/18 - എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

അടങ്കൽ 1,95,000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് 1,94,987/- -ബിൽ നം. 20/17-18, തീയതി : 22.03.18

| | | |
|---|---|---|
| 1 | ശ്രീരാജ്, S/o രാജേഷ്, ചിറയിൽ | റിമാർക്സ് |
| 2 | അബിലാഷ്, S/o അമ്മിണി, കോമച്ചംവെളി | വിദ്യാർത്ഥികൾക്ക് ഈയിനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3 | അനൂപ്, S/o കരുണാകരൻ, മൂലംവെളി | |
| 4 | അഭിരാമി, D/o സന്തോഷ് കുമാർ, ഉലഹറ്റാടിവെളി | |
| 5 | ആര്യൻ പി.രമേശൻ, S/o രമേശൻ, പുത്തൻവെളി | |
| 6 | സ്നേഹ ഹരിദാസ്, D/o ഹരിദാസ്, താമരച്ചാൽ | |
| 7 | വിവേക്. പി, S/o രമ്യ, പ്രവീൺനിവാസ് | |
| 8 | ഹരിവന്ദന, D/o രാജേഷ്, കൈതച്ചിറ | |
| 9 | സരിത സാബു, D/o രജനി സാബു, കൊച്ചുവെളി | |
| 10 | ആർദ്ര. എസ്, D/o സുമ, കൈതവളപ്പിൽ | |
| 11 | ശ്രീഹരി, S/o സന്തേഷ്, കോതൻകാട് | |
| 12 | സൂരജ്, S/o ഭവാനി, ചിറക്കാട്ടുചിറ | |
| 13 | അശ്വിൻ, S/o തമ്പിഗ്രാമം | |
| 14 | അക്ഷയ, D/o സുരേഷ്, കോഴികുളങ്ങര | |
| 15 | സന്ദീപ്, S/o മിനി, ചാനേവത്ത് | |
| 16 | ദയാനന്ദ്, S/o സാനു, നിവർത്തിൽ | |

| | |
|---|---|
| 17 | അഭിഷേക്, S/o സുജിത്ത്, നിവർത്തിൽ |
| 18 | ജിസ്സ ജിജി, S/o ജിജിമോൻ, കാട്ടുവേലിക്കകത്ത് |
| 19 | അക്ഷയ് ഷിബു, S/o ഷിബു, തമ്പിഗ്രാമം |
| 20 | ശ്രീഹരി ശ്രീകുമാർ, S/o ശ്രീകുമാർ, തമ്പിഗ്രാമം |
| 21 | അഭിജിത്ത് വിജയൻ, S/o ബിജിമോൾ, വളചിറ |
| 22 | ദേവിക ബിജു, D/o ബിജു, ധന്യാലയം |
| 23 | ആകാശ്, S/o അഖിലേഷ്, കാട്ടുവേലിക്കകത്ത് |
| 24 | അബിൻ സന്തോഷ്, S/o സന്തോഷ്, നിവർത്തിൽ |
| 25 | പുണ്യ, D/o പുഷ്കരൻ, അറയ്ക്കൽ |
| 26 | വൈഷ്ണവി, D/o രാജേഷ്, തോട്ടുങ്കൽ |
| 27 | അപർണ ജയചന്ദ്രൻ, D/o മിനി, തോട്ടുങ്കൽ |
| 28 | സൂര്യഗായത്രി, D/o സുരേഷ്, തോട്ടുങ്കൽ |

രേഖകളുടെ അഭാവത്തിൽ 28 കുട്ടികൾക്ക് മേശയുംകസേരയും വാങ്ങിയ ഇനത്തിലുള്ള 1,40,000/-രൂപയുടെ ചെലവ് (28x5000) തടസ്സപ്പെടുത്തുന്നു.

എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നീ പ്രോജക്ടുകളിൽ ഫർണിച്ചർ, സൈക്കിൾ എന്നിവ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്നാണ് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി ഇവ നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. ഇത് ക്രമപ്രകാരമല്ല.

## 3-2 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി പിഎച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് പരിചരണം എന്നീ പ്രോജക്ടുകളിൽപ്പെടുത്തി മരുന്നുകൾക്ക് ഓർഡർ നൽകി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പണം കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./<br>തുക, തീയതി | ലഭിച്ച മരുന്നുകളുടെ ഇൻവോയിസ് നം./<br>തീയതി,തുക | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S0005/18<br>അടങ്കൽ - 2,00,000/-<br>(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) | 2/17-18/100000/-<br>27.10.17 | 12/16.12.17, 13995/-<br>6769/22.12.17, 39857/-<br>25/22.12.17, 20871/- | 97,084/- |

| | | | |
|---|---|---|---|
| ചെലവ് – 2,00,000/- | 6/17-18/100000/-, 11.01.18 | 823/16.04.18, 22607/-<br>6829/18.08.18, 5586/- | |
| S0004/18<br>പാലിയേറ്റീവ് പരിചരണം അടങ്കൽ – വികസന ഫണ്ട് 2,75,000/-<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം 2,75,000/- | 1. 3/17-18, 60,000/- 27.10.2017<br>2. 4/17-18, 54,948/- 23.12.2017<br>3. Ch.No.6160149, 45,275/-, 23.03.2018 | 1. 4262/05.07.18, 35,841/-<br>2. 4828/13.07.18, 20040/-<br>3. 6825/18.08.18, 12,946/-<br>4. 2302/29.05.18, 26,565/-<br>5. 6857/18.08.18, 7,432/- | 57,399/- |
| ആകെ | | | 1,54,483/- |

1,54,483/-രൂപയുടെ (97,084+57,399) മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിച്ച് മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-3 നെൽകൃഷി വികസനം - നിർവഹണ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 114, അടങ്കൽ – 9,08,172/- രൂപ

നെൽകൃഷി വികസനത്തിനായി കൂലി ചെലവ് സബ്സിഡിയിനത്തിൽ ബ്ലോക്ക് വിഹിതമായി 315486/- രൂപ (ചെക്ക് നം. 6160144, തീ. 19.1.18) ചെലവഴിച്ചിട്ടുണ്ട്. ഈ തുക വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 315486/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 14, തീയതി – 25.10.2018) ബ്ലോക്ക് വിഹിതമായി ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കിയില്ല.

## 3-4 പച്ചക്കറി കൃഷി കൂലിചെലവ് -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 128, അടങ്കൽ - 8,64,960/- രൂപ

പച്ചക്കറി കൃഷി വികസനത്തിനായി കൂലി ചെലവിനത്തിൽ 4,32,480 /- രൂപ വികസന ഫണ്ടും 4,32,480 /- രൂപ ബ്ലോക്ക് വിഹിതവും ഉൾപ്പടെ ആകെ 8,64,960 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതിൽ ബ്ളോക്ക് വിഹിതമായി ചെലവഴിച്ച 4,32,480 /- രൂപ (ചെക്ക് നം 6160154/31.3.18) വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 432480/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 14, 25.10.2018) ബ്ലോക്ക് വിഹിതമായി ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കിയില്ല.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 83, അടങ്കൽ – 12,50,000/- രൂപ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി. ഡയറക്ടർക്ക് 3,12,500/- രൂപ ബിൽ നം. 1/17-18 തീയതി. 29.12.17 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ വിവരം ഇതു വരെ ലഭിച്ചിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. - 25

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 21,67,695 /-

ബിൽ നം. - 18/8.1.18, തുക - 10,83,848 /-

ചെക്ക് നം. - 6160142 /11.1.18, തുക - 10,83,847 /-

തെരുവ് വിളക്ക് വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനായ് പ്രോജക്റ്റ് നം. 25 പ്രകാരം 21,67,695/- രൂപ കെ.എസ്.ഇ.ബി. ചേർത്തല, സെക്ഷൻ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 21,67,695/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 നിശ്ചിത സമയത്തിനകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. അതിനു ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ സ്റ്റാർനൈറ്റ് കാട്ടുകട റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് വാർഡ്-6, ഉലഹറ്റാടി മഠത്തിവെളി റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് വാർഡ്-16 എന്നീ പദ്ധതികളുടെ കരാറുകാരൻ ശ്രീ. കെ. ബാലചന്ദ്രൻ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഈ പദ്ധതികളുടെ സെലക്ഷൻ നോട്ടീസ് (നം. AE/LSGD/KKGP/17-18, തീ. 24.08.2017) പ്രകാരം 11.09.2017 ന് മുൻപായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. 12.09.2017 മുതൽ 20.09.2017 വരെ 1% പിഴ ചുമത്തി കരാർ ഉടമ്പടി ഒപ്പു വയ്ക്കാവുന്നതാണെന്ന് സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്നു. എന്നാൽ 14.09.2017-ൽ എഗ്രിമെന്റിൽ (എഗ്രിമെന്റ് നം. 22/AE/LSGD/KKGP/17-18, തീ. 14.09.2017, എഗ്രിമെന്റ് നം. 23/AE/LSGD/KKGP/17-18, തീ. 14.09.2017) ഏർപ്പെട്ടിട്ടുള്ള ടിയാനിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ 1% പിഴയായി ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 9711/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്റ്റ് നം. | : | 31/18 |
| പ്രോജക്ടിന്റെ പേര് | : | സ്റ്റാർനൈറ്റ് കാട്ടുകട റോഡ് മെറ്റലിംഗ് ആൻഡ് ടാറിംഗ് വാർഡ് 6 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.കെ.ബാലചന്ദ്രൻ |
| എഗ്രീഡ് പി.എ.സി | : | 486639/- രൂപ |
| ചെലവ് | | 484934/-<br>ട്രഷറി ബിൽ നം. സീരിയൽ നം. 35 ബിൽ ബുക്ക് വാല്യം. 1, തീ. 16.02.2018 |
| എഗ്രിമെന്റ് നം. | : | 23/AE/LSGD/KKGP/17-18, തീ. 14.09.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 486639x1% =4866/- രൂപ |

| | | |
|---|---|---|
| 2. പ്രോജക്റ്റ് നം. | : | 32/18 |
| പ്രോജക്ടിന്റെ പേര് | : | ഉലഹറ്റാടി മഠത്തിവെളി റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 16 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| കോൺട്രാക്ടറുടെ പേര് | : | ശ്രീ. കെ. ബാലചന്ദ്രൻ |
| എഗ്രീഡ് പി.എ.സി | : | 484506/- രൂപ |
| ചെലവ് | | 479980/-<br>ട്രഷറി ബിൽ നം. സീരിയൽ നം. 34 ബിൽ ബുക്ക് വാല്യം. 1, തീ.16.02.2018 |
| എഗ്രിമെന്റ് നം. | : | 22/AE/LSGD/KKGP/17-18, തീ. 14.09.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 484506x1% =4845/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തീ. 17.10.2018 ) മറുപടി ലഭ്യമാക്കിയില്ല. തുക പ്രസ്തുത കോൺട്രാക്ടറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം - പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾക്കനുസൃതമായി പിഴ ഈടാക്കിയിട്ടില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടാവുന്നതാണ്. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവർത്തി പൂർത്തികരിക്കാതിരുന്ന കരാറുകാരൊന്നും തന്നെ പിഴ ഒടുക്കിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയതും യഥാസമയം പൂർത്തികരിക്കാതിരുന്നതുമായ മരാമത്ത് പണികളുടെ കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള കോമ്പൻസേഷൻ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

(2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 അനുസരിച്ച് പ്രവർത്തി എപ്രകാരം നടപ്പിലാക്കാം എന്നുള്ളതിന്റെ സമയക്രമം കരാറിലേർപ്പെടുന്നതിനു മുൻപ് തന്നെ കരാറുകാരൻ തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ ആയത് പരിശോധിച്ച് അംഗീകരിച്ച് എഗ്രിമെന്റിന്റെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ വയ്ക്കപ്പെട്ടിട്ടുള്ള കരാറുകളിൽ ഒന്നും തന്നെ പ്രവർത്തി നടത്തിപ്പിന്റെ സമയക്രമം ഉൾക്കൊള്ളിച്ചിട്ടില്ല. കരാറുകാരന് ടെണ്ടർ അനുവദിച്ച് കൊണ്ട് നല്കിയിട്ടുള്ള AOC Summary പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പൂർത്തികരണ കാലാവധിയാണ് കോമ്പൻസേഷൻ കണക്കാക്കാനായി എടുത്തിരിക്കുന്നത്.)

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 26/18 |
| പ്രോജക്ടിന്റെ പേര് | : | പുതുമന-ഡി.സി.എം റോഡ് മെറ്റലിംഗ & ടാറിംഗ് വാർഡ് 17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ഡി.പ്രകാശ് |
| എഗ്രീഡ് പി.എ.സി | : | 495823/- രൂപ |
| ചെലവ് | | 494233/- രൂപ, ട്രഷറി ബിൽ നം. സീരിയൽ നം. 1,<br>ബിൽ ബുക്ക് വാല്യം. 2, തീ. 24.03.2018 |
| എം.ബുക്ക് നം | : | 535/17-18 |
| എഗ്രിമെന്റ് നം. | : | 06/AE/LSGD/KKGP/17-18 തീ.08.09.2017 |

| | | |
|---|---|---|
| ടെണ്ടർ ഐ.ഡി നമ്പർ | : | 2017_LSGD_134141_1 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 08.09.2017 |
